**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 774** **08-10-2024 - ൽ മറുപടിയ്ക്ക്**

**തൃക്കരിപ്പൂർ സഹകരണ എഞ്ചിനീയറിംഗ് കോളേജിൽ അടിസ്ഥാന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ വകുപ്പിന് കീഴിൽ ചീമേനിയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന തൃക്കരിപ്പൂർ സഹകരണ എഞ്ചിനിയറിംഗ് കോളേജിൽ അടിസ്ഥാന സൗകര്യം മുൻനിർത്തി പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ; | (എ) | കംപ്യൂട്ടർ സയൻസ് ശാഖയിൽ അവശ്യം വേണ്ടിയിരുന്ന 4500 ഓളം ചതുരശ്ര അടി വിസ്തീർണ്ണവും 75 ലക്ഷം രൂപ അടങ്കൽ തുകയും കണക്കാക്കിയിട്ടുള്ള ക്ലാസ്സ് മുറികളുടെയും സെമിനാർ ഹാളിന്റെയും മറ്റും പണി പൂർത്തിയായി വരുന്നു. അവ അടുത്ത മാസം തന്നെ പഠനാവശ്യത്തിന് വിട്ടു കൊടുക്കുന്നതാണ്.<br><br>പാഠ്യേതര പ്രവർത്തനങ്ങൾക്കും മറ്റുമായി കെട്ടിട സൗകര്യങ്ങൾ ആവശ്യമാണെങ്കിലും കേപ്പിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് പുതിയ നിർമ്മാണ പ്രവർത്തികൾ ഏറ്റെടുക്കുന്നതാണ്. |
| (ബി) | നിരവധി പൊതു പരീക്ഷകളും പ്രവേശന പരീക്ഷകളും നടത്തുന്ന ഈ കോളേജിൽ സുശക്തമായ കമ്പ്യൂട്ടർ ലാബ് സൗകര്യം ഏർപ്പെടുത്തുവാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ? | (ബി) | കംപ്യൂട്ടർ ലാബുകൾ മെച്ചപ്പെടുത്തുന്നതിന് ഘട്ടം ഘട്ടമായി നടപടികൾ സ്വീകരിച്ചു വരുകയാണ്. കഴിഞ്ഞ സാമ്പത്തിക വർഷം 20 കംപ്യൂട്ടർ വാങ്ങി നൽകിയിരുന്നു. ഇക്കൊല്ലം 183 ലക്ഷം രൂപ കേപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് കംപ്യൂട്ടർ വാങ്ങാൻ വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത ഫണ്ട് ഉപയോഗിച്ച് 35 കംപ്യൂട്ടർ കൂടി തൃക്കരിപ്പൂർ എഞ്ചിനിയറിംഗ് കോളേജിന് ലഭ്യമാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ